LIBRARY ARCHIVES Kerala Legislative Assembly

സർവ്വശിക്ഷാ അഭിയാൻ ഫണ്ട് ഉപയോഗിച്ച് വാമനപുരം നിയോജകമണ്ഡലത്തിലെ പ്രവർത്തികൾ

86 (2996) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2014 കാലയളവിൽ സർവ്വശിക്ഷ അഭിയാൻ ഫണ്ട് ഉപയോഗിച്ച് വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ ഏതെല്ലാം പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) ഇവയ്ക്ക് ഓരോന്നിനും ചെലവഴിച്ച തുക എത്ര വീതമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സ്കൂളുകളിൽ അടിസ്ഥാന സൗകര്യം

87 (2997) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കും എന്ന സർക്കാർ തീരുമാനത്തിന്റെ ഭാഗമായി സൗകര്യ വികസനം നടത്തിയ വിദ്യാലയങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ; ഈ ഇനത്തിൽ എത്ര തുകയാണ് ചെലവഴിച്ചത് ; ഇത് ഏത് ഫണ്ടിൽ നിന്നാണെന്ന് അറിയിക്കാമോ ?

ഉത്തരം

വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളുടെ വിശദാംശങ്ങൾ അനുബന്ധം (എ)* ആയും ഹയർസെക്കന്ററി സ്കൂളുകളുടെ വിശദാംശം അനുബന്ധം (ബി) ആയും ചേർത്തിട്ടുണ്ട്.* ഇതിനായി ചെലവഴിച്ച 377 ലക്ഷം രൂപ '2202-02-001-95-34(ഒ.സി.)' പ്ലാൻ ഫണ്ടിൽ നിന്നുമാണ് വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്കായി ചെലവഴിച്ചിട്ടുള്ളത്. ഹയർസെക്കന്ററി തലത്തിൽ ഒറ്റത്തവണ അധിക കേന്ദ്ര സഹായ കേന്ദ്ര വിഹിതവും സംസ്ഥാന പദ്ധതി വിഹിതവുമായാണ് ഫണ്ട് ലഭിച്ചത്. മറ്റ് സ്കൂൾതലത്തിലുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.